# ഖുർആൻ വായിക്കാതിരിക്കുന്നതെങ്ങനെ?

ജമാൽ മലപ്പുറം

**മനുഷ്യജീവിതത്തിന്റെ** വിവിധ മേഖലകളിൽ അതത് മേഖലയുമായി ബന്ധപ്പെട്ട 'തഖ്‌വ' ഉണ്ടായിരിക്കുന്നതിനുവേണ്ടി നിർദേശിക്കപ്പെടുകയും നിർബന്ധിക്കപ്പെടുകയും ചെയ്തിട്ടുള്ള ചെറുതും വലുതുമായ അനേകം കാര്യങ്ങളും കർമങ്ങളുമുണ്ട് ഇസ്‌ലാമിൽ. അവയിലേറ്റവും പ്രധാനപ്പെട്ടത് നിർബന്ധ ആരാധനാനുഷ്ഠാനങ്ങളായി നിശ്ചയിക്കപ്പെട്ടവതന്നെ. അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശുദ്ധ ഖുർആൻതന്നെ വ്യക്തമാക്കിയിരിക്കുമെന്നതിനു ഉദാഹരണമാണ് വ്രതാനുഷ്ഠാനത്തെക്കുറിച്ച് *ലഅല്ലകും തത്തഖൂൻ* (നിങ്ങൾക്ക് തഖ്‌വ ഉണ്ടായിരിക്കുന്നതിനു വേണ്ടി- 2:183) എന്ന് പറഞ്ഞിട്ടുള്ളത്.

എന്താണ് തഖ്‌വ? മനസാ വാചാ കർമണായുള്ള സകല ചലനങ്ങളും അല്ലാഹുവിന്റെ കൺമുന്നിൽ വെച്ചാണ് നടന്നും നടത്തിയും കൊണ്ടിരിക്കുന്നതെന്നും അതൊക്കെയും അവൻ രേഖപ്പെടുത്തുന്നുണ്ട് എന്നുമുള്ള അതി തീവ്രമായ ബോധവും, ആ ബോധത്താൽ സ്വയം നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയും ചേർന്നതിനാണ് തഖ്‌വ എന്ന് പറയുന്നത്. ആ ബോധവും അവസ്ഥയും ഉള്ളയാളെ 'മുത്തഖി' എന്ന് പറയും.

എന്തിനാണ് തഖ്‌വ? *ലഅല്ലകും തുഫ്‌ലിഹൂൻ* (നിങ്ങൾ വിജയം വരിക്കുന്നതിനുവേണ്ടി-5:100) എന്നാണ് ഖുർആൻ അതിന് നൽകുന്ന ഉത്തരം. ഇത് ഈയൊരു സൂക്തത്തിൽ മാത്രമല്ല. 2:189, 3:130, 200 എന്നിവിടങ്ങളിൽ കൂടി ആവർത്തിച്ചിട്ടുള്ളത് കാണാം. ഇഹപര ജീവിതവിജയം എന്തിനാണ് എന്ന് ആരും ചോദിക്കുകയില്ലല്ലോ! തഖ്‌വ എന്തിനാണ് എന്ന ചോദ്യത്തിന് നിങ്ങൾ 'വിജയം വരിക്കുന്നതിനുവേണ്ടി' എന്ന് മാത്രമല്ല ഖുർആൻ പറഞ്ഞിട്ടുള്ളത്. *ല അല്ലകും തുർഹമൂൻ* (നിങ്ങൾ കാരുണ്യത്തിന് വിധേയരാകാൻ വേണ്ടി) എന്നു കൂടി പറഞ്ഞിട്ടുണ്ട്. 6:155, 36:45 എന്നിവ നോക്കുക.

എന്തുകൊണ്ടാണ് കാരുണ്യവർഷം മനുഷ്യന് ആവശ്യമായി വരുന്നത്? മനുഷ്യന്റെ ഒരായുഷ്കാല കർമങ്ങൾ അല്ലാഹു അവന് ചെയ്തുകൊടുത്തിട്ടുള്ള അളവറ്റ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാൻ മതിയാവുകയില്ലെന്നും പരലോകരക്ഷക്ക് പരമകാരുണികന്റെ പ്രത്യേകമായ കനിവ് തന്നെ വേണ്ടിവരുമെന്നും അസന്ദിഗ്ധമായ ഭാഷയിൽ അന്ത്യപ്രവാചകൻ തന്നെ വ്യക്തമാക്കിത്തന്നിട്ടുണ്ട്. താൻ പോലും ഈ പറഞ്ഞതിൽനിന്ന് ഒഴിവല്ല എന്നു കൂടി അദ്ദേഹം തുടർന്ന് പറഞ്ഞതിൽനിന്ന് അതിന്റെ ഗൗരവം എത്രയെന്ന് പറയേണ്ടതില്ലല്ലോ. 'തന്റെ കാരുണ്യം കൊണ്ടവൻ എനിക്ക് രക്ഷാകവചം തീർത്തുതരുന്നില്ലെങ്കിൽ' എന്നാണ് അദ്ദേഹം അത് സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. ഇതുകൊണ്ടായിരിക്കണം, പാപമോചനം (മഗ്ഫിറത്ത്) പറയുമ്പോഴൊക്കെ ഖുർആൻ അതിനോട് 'റഹ്മത്ത്' (കാരുണ്യം) ചേർത്ത് പറയുന്നത്. 'ഗഫൂർ' (പാപം പൊറുക്കുന്നവൻ) എന്നതിന്റെ കൂടെ 'റഹീം' (കാരുണ്യവാൻ) എന്നും പറയുന്നു.

പ്രവാചകന്റെ അവസ്ഥയിതാണെങ്കിൽ നമ്മുടെ കാര്യമോ? *ലഅല്ലകും തത്തഖൂൻ* എന്ന് പറഞ്ഞതിലെ തഖ്‌വ 'പരമാവധി ആർജിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകതന്നെ' (64:16). ഇവിടെ വളരെ ശ്രദ്ധേയമായ മറ്റൊരു വസ്തുതയുണ്ട്. 'നിങ്ങൾ കാരുണ്യത്തിന് വിധേയരാകുന്നതിനുവേണ്ടി' (*ലഅല്ലകും തുർഹമൂൻ*) എന്ന് സമാപിക്കുന്ന ഒരു സൂക്തം ഇങ്ങനെയാണ്: "ഇതാകട്ടെ, നാം അവതരിപ്പിച്ചിട്ടുള്ള നന്മ വർധിപ്പിക്കുന്നതായ (മുബാറകുൻ) ഒരു ഗ്രന്ഥമത്രെ. അതിനാൽ നിങ്ങളിതിനെ പിൻപറ്റുക. നിങ്ങൾക്ക് കരുണ കൈവരിക്കാൻ" (6:155).

മറ്റൊന്നു കൂടി കാണുക: "ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ ഉടനെ

നിങ്ങൾ അതിന് കാത് കൊടുക്കുകയും അടക്കത്തോടെ ശ്രദ്ധിക്കുകയും ചെയ്യണം- നിങ്ങൾക്ക് കാരുണ്യം കൈവരിക്കാൻ" (7:204).

പഞ്ചേന്ദ്രിയങ്ങളും കരചരണങ്ങളും ഖുർആന് അടിയറ വെക്കണം, കാരുണ്യത്തിനർഹനാകാൻ എന്നാണ് ഇരു സൂക്തങ്ങളുടെ മൊത്തം സൂചന. അതങ്ങനെയായിരിക്കാനേ തരമുള്ളൂ. കാരണം, നേരത്തേ മഗ്ഫിറത്തിനെക്കുറിച്ച് പറഞ്ഞതുപോലെ, ഖുർആനെക്കുറിച്ച് പറയുമ്പോഴും അത് സന്മാർഗദർശനവും കാരുണ്യവുമാണെന്ന് (ഹുദൻ വ റഹ്മത്ത്) എന്ന് ആവർത്തിച്ചിട്ടുള്ളതായികാണാം. 7:52, 10:57, 16:64, 89, 27:77, 31:3 തുടങ്ങി അനേകം സൂക്തങ്ങളിൽ അതാവർത്തിച്ചിട്ടുണ്ട്.

ഖുർആൻ 'റഹ്മത്ത്' ആണ് എന്നല്ല, ഖുർആൻ തന്നെ 'റഹ്മത്ത്' എന്നാണ് പറയേണ്ടത്. കാരണം, നമ്മുടെ അടുത്തേക്ക് അത് വഹിച്ചുകൊണ്ടുവന്ന മറ്റൊരു അമാനുഷിക ദൃഷ്ടാന്തമായ മുഹമ്മദ് നബി(സ)യെ കുറിച്ചു കൂടി ഖുർആൻ 'റഹ്മത്ത്' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. 'മനുഷ്യരാശിക്കാകമാനം കാരുണ്യമായിട്ടല്ലാതെ താങ്കളെ നാം നിയോഗിച്ചിട്ടില്ല' എന്നു പറയുന്നു 21:107-ൽ.

അല്ലാഹുവിന്റെ ഖുർആൻ റഹ്മത്ത്, അവന്റെ റസൂൽ റഹ്മത്ത് എന്നതുകൊണ്ടും അവസാനിക്കുന്നില്ല. നോക്കൂ, അല്ലാഹുവിന്റെ പ്രതിനിധിയായി മനുഷ്യനെ ഭൂമിയിലേക്കയച്ചപ്പോൾ അവന് നാമങ്ങൾ ഒക്കെയും പഠിപ്പിച്ചത് 'നിന്റെ നാഥൻ' (റബ്ബുക) ആകുന്നു (2:30,31). മനുഷ്യനെ പേന കൊണ്ട് പഠിപ്പിച്ചതും അവന് അറിയാത്തത് പഠിപ്പിച്ചുകൊടുത്തതും 'നിന്റെ നാഥൻ' (റബ്ബുക)തന്നെ (96:35). എന്നാൽ, ഖുർആൻ പഠിപ്പിച്ചത് ആരെന്നോ? 'അർറഹ്മാനു അല്ലമൽ ഖുർആൻ' (അളവറ്റ ദയാപരൻ ഖുർആൻ പഠിപ്പിച്ചു-55:1,2). അല്ലാഹുവിന്റെ വിശേഷണങ്ങളിൽ അവന് ഏറ്റവും ഇഷ്ടപ്പെട്ടതും 'അല്ലാഹു' എന്നതിന് പകരം നിൽക്കുന്നതുമായ 'അർറഹ്മാൻ' എന്ന പദം അല്ലാഹുവും റബ്ബുമായിട്ടുള്ളവൻ ഇവിടെ തെരഞ്ഞെടുത്ത് പ്രയോഗിച്ചത് ഖുർആന്റെ കാരുണ്യത്തിലാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ് (ഖുർആൻ പാരായണം 'ബിസ്മി' കൊണ്ടു തുടങ്ങുന്നതും കണക്കിലെടുക്കുക). അങ്ങനെ അർറഹ്മാനായ അല്ലാഹു അവന്റെ കലാമായ റഹ്മത്തിനെ, അവന്റെ മറ്റൊരു റഹ്മത്തായ റസൂൽ(സ) മുഖേന നമുക്കെത്തിച്ചുതന്ന മാസമാണ് റമദാൻ.

അല്ലാഹുവിന്റെ അളവറ്റ ദയാവായ്പിന്റെ അക്ഷയഖനിയായ ഖുർആനിൽ, ഖുർആനെക്കുറിച്ച് വന്നിട്ടുള്ള പരാമർശങ്ങളും വിശേഷണങ്ങളും, പ്രസ്തുത ദയാവായ്പിന്റെ വിശദാംശങ്ങളും അതിന്റെ അപാരതയിലേക്കുള്ള സൂചനകളുമത്രെ. അത്തരത്തിലുള്ള ഒരു പരാമർശം ഇങ്ങനെയാണ്: "മനുഷ്യരേ നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു സദുപദേശം, മനസ്സുകളിലെ രോഗത്തിനുള്ള ശമനം, സന്മാർഗദർശനം, വിശ്വാസികൾക്കുള്ള കാരുണ്യവും" (10:57). ഈ നാല് കാര്യങ്ങളും ഖുർആന്റെ വിശേഷണങ്ങളാകുന്നു, ഖുർആൻ എന്ന് പേരെടുത്ത് പറഞ്ഞില്ലെങ്കിലും. ഖുർആൻ തുടർന്ന് പറയുന്നത് കൂടി കാണുക:

"താങ്കൾ പറഞ്ഞുകൊടുക്കുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമത്രെ അത്. അതിനാൽ അതുവഴി അവർ ആഹ്ലാദിക്കട്ടെ, അവർ സമ്പാദിച്ചുകൂട്ടുന്ന മറ്റെന്തിനേക്കാളും ഉത്തമമാണത്" (10.58).

വിശ്വാസികൾ ആഹ്ലാദിക്കേണ്ടവരാണെന്നും അതിനുള്ള വകയുണ്ടെന്നുമാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ, നശ്വരമായ കൊച്ചു കൊച്ചു നേട്ടങ്ങൾക്കായി നെട്ടോട്ടമോടുകയും അവയിൽ എന്തെങ്കിലും നേടിക്കഴിഞ്ഞാൽ അമിതമായി ആഹ്ലാദിക്കുകയും ചെയ്യുന്ന ആളുകൾ ഇങ്ങനെ വല്ലതും അറിയുന്നുണ്ടോ? അനുഭവിക്കുന്നുണ്ടോ? പ്രകടിപ്പിക്കുന്നുണ്ടോ? നാലാം വേദം, നമ്മുടെ വേദം എന്നതിലപ്പുറം നമ്മുടെ ഊഷ്മള ബന്ധങ്ങളുടെ മുൻഗണനാക്രമത്തിൽ ഖുർആന്റെ സ്ഥാനമെവിടെയാണ്? എന്റെ ഭാര്യ, എന്റെ സന്താനങ്ങൾ, എന്റെ സമ്പത്ത് എന്നൊക്കെ പറയുന്നതിലുള്ള ദൃഢസ്നേഹത്തോടെ എന്റെ റബ്ബ്, എന്റെ റസൂൽ, എന്റെ ഖുർആൻ എന്ന് പറയാൻ നമുക്ക് കഴിയുന്നുണ്ടോ? അല്ലാഹുവിനെയും റസൂലിനെയും അല്ലാതെ മറ്റാരെയും സ്നേഹിക്കരുത് എന്നല്ല. മനുഷ്യൻ സഹജമായി സ്നേഹിച്ചുപോകുന്ന എട്ടെണ്ണം ഖുർആൻതന്നെ എടുത്തുപറഞ്ഞിട്ടുണ്ടല്ലോ. പിതാക്കൾ, മക്കൾ, സഹോദരങ്ങൾ, ഇണകൾ, കുടുംബങ്ങൾ, സമ്പാദിച്ചു കൂട്ടിയ ധനങ്ങൾ, മാന്ദ്യം സംഭവിക്കുമെന്ന് അങ്ങേയറ്റം ഭയപ്പെടുന്ന കച്ചവടം, വളരെ പ്രിയങ്കരമായ പാർപ്പിടങ്ങൾ എന്നിവയാണവ. അവയെയൊന്നും സ്നേഹിച്ചുകൂടാ എന്നല്ല, അവയോടുള്ള സ്നേഹം അല്ലാഹുവിനോടും റസൂലിനോടും അവന്റെ മാർഗത്തിലെ ജിഹാദിനോടും ഉള്ളതിനേക്കാൾ കൂടുതലാവരുത് എന്നേയുള്ളൂ. എങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകളെ ഭയപ്പെടണമെന്ന് മാത്രമല്ല ഖുർആനും പ്രവാചകനും വഴിയുള്ള ഹിദായത്ത് നഷ്ടപ്പെടുക കൂടി ചെയ്യും (9:24).

സ്നേഹം (ഹുബ്ബ്), കൂടുതൽ സ്നേഹം (അഹബ്ബ്), കലശലായ സ്നേഹം (ഹുബ്ബുൻ ശദീദ്), അതികലശലായ സ്നേഹം (അശദ്ദുഹുബ്ബൻ) എന്നിങ്ങനെ നാലെണ്ണമുണ്ട്. മേൽ പറഞ്ഞ എട്ടെണ്ണം 'അഹബ്ബ്' ആകരുത് എന്നാണ് പറയുന്നത്. അഥവാ മുൻഗണനാക്രമത്തിന്റേതാണ് പ്രശ്നം. എന്നാൽ യഥാർഥ സത്യവിശ്വാസികൾ അല്ലാഹുവിനെ അതികലശലായി സ്നേഹിക്കുന്നവരായിരിക്കും (അശദ്ദുഹുബ്ബൻ) എന്ന് പറഞ്ഞിരിക്കുന്നു (2:165). അല്ലാഹു 'അഹബ്ബോ' അവനോട് 'അശദ്ദു ഹുബ്ബോ' ഉള്ളവനോട് ഖുർആൻ വീണ്ടും പറയുന്നു: "നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിൽ പ്രവാചകനെ പിൻപറ്റുക" (3:31). അതുപോലെ വിശുദ്ധ ഖുർആനെയും അനുധാവനം ചെയ്യേണ്ടതുണ്ട് (7:2, 39:55, 6:15). ഇവിടെ ഒരു സംഗതി അടിവരയിട്ട് മനസ്സിലാക്കാനുള്ളത് ഇതാണ്: അറിയാത്തവരെയും അന്യരെയും സ്നേഹിക്കാൻ കഴിയില്ല. സ്നേഹിക്കാതെ ആത്മാർഥമായി അനുധാവനം ചെയ്യാനോ അനുസരിക്കാനോ കഴിയുകയുമില്ല. അതിനാൽ എന്റെ അല്ലാഹു, എന്റെ പ്രവാചകൻ, എന്റെ ഖുർആൻ എന്നു പറയണമെങ്കിൽ ഖുർആൻ എന്താണ്, എന്തിനാണ് എന്ന് വളരെ വ്യക്തമായി മനസ്സിലാക്കിയേ പറ്റൂ. അതിന് മെനക്കെടാത്തയാളുകൾക്ക് ഖുർആനിൽനിന്ന് സന്മാർഗമോ കാരുണ്യമോ ലഭിക്കുകയില്ല. ഖുർആന്റെ ആളുകൾക്ക് ആഹ്ലാദിക്കാൻ കഴിയാത്തതിന്റെ കാരണവും വേറെ അന്വേഷിക്കേണ്ടതില്ല.

തങ്ങൾ തീർത്തും അവഗണിക്കുന്നത് ആരെയാണെന്നും എന്തിനെയാണെന്നും ആളുകൾ ആലോചിക്കാത്തതെന്ത്? ഇത് അല്ലാഹുവിന്റെ വചനമാണ്. ഉടമയുടെയും കർത്താവിന്റെയും വലുപ്പമനുസരിച്ചാണല്ലോ സാധനങ്ങളുടെയും കർമങ്ങളുടെയും വിലയും നിലയും നിശ്ചയിക്കുന്നത്. അമ്മ തല്ലി, അഛൻ തല്ലി, സഹോദരൻ തല്ലി, അധ്യാപകൻ തല്ലി, അയൽവാസി തല്ലി, സ്നേഹിതൻ തല്ലി, പോലീസ് തല്ലി, ഭ്രാന്തൻ തല്ലി- എല്ലാം തല്ല് തന്നെയല്ലേ? പക്ഷേ ഓരോന്നിന്റെയും ഗൗരവവും അതിനുണ്ടാകുന്ന പ്രതികരണവും വ്യത്യസ്തമായിരിക്കും.

രാജാധിരാജനായ അല്ലാഹുവിന്റെ വചനത്തെ അർഹിക്കുന്ന ഗൗരവത്തിൽ വിലയിരുത്താൻ വിശ്വാസികൾ അമാന്തിച്ചുകൂടാ. വിശുദ്ധ ഖുർആനെക്കുറിച്ചു പറയുമ്പോൾ അത് പ്രയോഗിക്കുന്ന ഒരു ശൈലി കൂടി ശ്രദ്ധിക്കുക. 'അത്താ', 'ജാഅ' എന്നീ ക്രിയകൾ ഉപയോഗിച്ച് 'നിങ്ങളുടെ അടുത്തേക്ക് വന്നു' എന്നാണ് പറയുന്നത്. ദൈവവചനത്തെ നിങ്ങൾ തേടിനടന്ന് കണ്ടെത്തിയതല്ല, അത് നിങ്ങളെ തേടി

വന്നതാണ്. ആരാണ് അയച്ചിരിക്കുന്നത്, ആരാണ് കൊണ്ടുവന്നിരിക്കുന്നത്, എന്താണ് കൊണ്ടുവന്നിരിക്കുന്നത് എന്ന് കണ്ണു തുറന്ന് നോക്കിയേ പറ്റൂ. തപാൽക്കാരൻ കൊണ്ടുവരുന്ന ഉരുപ്പടികൾക്കോ പത്രവിതരണക്കാരൻ മുറ്റത്തേക്ക് എറിഞ്ഞിട്ടു പോകുന്ന പത്രമാസികകൾക്കോ കൽപിക്കുന്ന വില പോലും ഖുർആന് കൽപിക്കാതിരിക്കുകയോ? മുസ്ഹഫ് തുറന്ന് ഓതാനോ ഒരു പരിഭാഷ കുറേശ്ശെയായി വായിച്ചു മനസ്സിലാക്കാനോ ശ്രമിക്കാത്തവർക്കും സമയമില്ലാത്തവർക്കും പത്രം നിവർത്തി നോക്കാനും ചിലപ്പോൾ ആദ്യന്തം വായിച്ചുതീർക്കാനുമുള്ള ആവേശം നാം കാണുന്നതാണല്ലോ. ഓരോ ദിവസത്തെയും പത്രവായനയുടെ അളവ് കണക്കാക്കി ഒരാഴ്ചക്കോ, മാസത്തിനോ ശേഷം കൂട്ടിനോക്കുക; എത്ര പേജ് വായിച്ചുതള്ളിയിട്ടുണ്ടെന്ന്. അത്രയുമോ അതിൽ പകുതിയോ സമയം ഖുർആൻ ഓതാനോ പരിഭാഷ വായിക്കാനോ ചെലവഴിച്ചിരുന്നുവെങ്കിൽ എത്ര തവണ അതെല്ലാം ഓതിയും വായിച്ചും തീർക്കാമായിരുന്നു! ഖുർആൻ വായിക്കാൻ സമയമില്ലാത്തവർക്ക് പത്രവായന ഹലാൽ ആകുമോ എന്നുപോലും ഭയപ്പെടേണ്ടതുണ്ട്. സ്നേഹത്തെക്കുറച്ച് പറഞ്ഞതുപോലെ പത്രം തൊട്ടുപോകരുത് എന്നല്ല പറയുന്നത്. 'നിങ്ങളുടെ അടുത്തേക്ക് വന്നിരിക്കുന്നു' എന്നതിന് വിവരസാങ്കേതികവിദ്യ വികസിച്ചതോടെ വളരെ അർഥവൈപുല്യം കൈവന്നിരിക്കുന്നു. വെബ്സൈറ്റുകളും ഇ-മെയിലുകളും മുതൽ എസ്.എം.എസ്സിലൂടെ വരെ ഖുർആനും അതിന്റെ സന്ദേശങ്ങളും നമ്മെത്തേടി വരുന്നു. പോരാത്തതിന് മുസ്‌ലിം സമുദായത്തിലെ 'ജാതി'കൾക്കും 'ഉപജാതി'കൾക്കും വരെ ഖുർആൻ പരിഭാഷകളുമുണ്ട്. ഇനിയും ഖുർആൻ മനസ്സിലാക്കാതിരിക്കാൻ ഒരാൾക്കും ഒരൊഴികഴിവും അവശേഷിച്ചിട്ടില്ല. 'എന്റെ ആയത്തുകൾ നിന്റെ അടുത്ത് വന്നിരുന്നു. നീ അവയെ മറന്നുകളഞ്ഞു. ഇന്ന് നീയും മറക്കപ്പെടുകയാണ്' എന്ന് നാളെ പരലോകത്ത് പറയപ്പെടുന്ന ഒരു രംഗമുള്ളത് (20:126) മറക്കാതിരിക്കുക.

'ഖുർആൻ അവതരിച്ച റമദാൻ മാസം' എന്നു തുടങ്ങുന്ന 2:185-ന്റെ 'ലഅല്ലകും തശ്കുറൂൻ' (നിങ്ങൾ നന്ദികാണിക്കുന്നതിനുവേണ്ടി) എന്ന സമാപനം ശ്രദ്ധേയമാണ്. ഖുർആൻ അവതരിപ്പിച്ചുതന്നതിന് നന്ദികാണിക്കണമെന്ന്! അല്ലാഹുവിനോടും നന്ദിയുള്ളവരായിരിക്കുക എന്നത് ഖുർആന്റെ ഒരടിസ്ഥാന സങ്കൽപമത്രെ. അതുകൊണ്ടുതന്നെയാവണം, 2:183-ലേതു പോലെ *ലഅല്ലകും തത്തഖൂൻ* എന്ന് ആറു പ്രാവശ്യം മാത്രം വരുമ്പോൾ, *ലഅല്ലകും തശ്ക്റൂൻ* എന്നത് പതിനാലു പ്രാവശ്യം വരുന്നത്. മനുഷ്യനെ സൃഷ്ടിച്ചതു തന്നെ അവൻ നന്ദിയുള്ളവനോ നന്ദികെട്ടവനോ എന്ന് പരിശോധിച്ചറിയാനാണല്ലോ. എങ്ങനെയാണ് അല്ലാഹുവിനോട് നന്ദി കാണിക്കുകയെന്നവൻ മനോഹരമായി വരച്ചുകാണിച്ചുതന്നിട്ടുണ്ട്. 'എനിക്കും നിന്റെ മാതാപിതാക്കൾക്കും (ഞങ്ങൾ മൂന്നു പേർക്ക്) നീ നന്ദി കാണിക്കണം' എന്നു പറഞ്ഞിട്ടുണ്ടല്ലോ (31:14). ഏതൊരു മാതാവാണോ പെറ്റു പോറ്റി വളർത്തിയത്, അവൾ തന്നെയാണ് മക്കളുടെ സ്നേഹവും ആദരവും അനുസരണയും ലഭിക്കാൻ അർഹതപ്പെട്ടവൾ. അത് നൽകുന്നത് മറ്റാർക്കുമായിക്കൂടല്ലോ. അതുപോലെത്തന്നെയാണ് അല്ലാഹുവിന് ലഭിക്കേണ്ട ആദരവിന്റെയും അനുസരണത്തിന്റെയും സ്നേഹത്തിന്റെയും കാര്യവും. മാതാപിതാക്കളെ സ്നേഹിക്കാം. അവരെ അനുസരിക്കണമെങ്കിൽ അവരുടെ ഇംഗിതമറിയണം. അവരെ സന്തോഷിപ്പിക്കണമെങ്കിൽ അവർക്ക് വേണ്ടതെന്തന്നറിയണം. ഇതവരുടെ മാത്രം കാര്യമല്ല. നമുക്കാരോട് കൃതജ്ഞത കാണിക്കാനും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ അറിയണം. അതിനാൽ എന്തു ചെയ്താലാണ്, എന്തു കൊടുത്താലാണ് അവർ സന്തോഷിക്കുക എന്നറിയാൻ നമുക്ക് മാർഗങ്ങൾ ഉണ്ട്. എന്നാൽ അല്ലാഹുവിനോട് നന്ദികാണിക്കാനും അവനെ സന്തോഷിപ്പിക്കാനുമുള്ള മാർഗങ്ങൾ അവൻ തന്നെ അറിയിച്ചുതരേണ്ടതുണ്ട്. അത്തരത്തിൽ അവൻ അറിയിച്ചുതന്ന അവന്റെ ഇഷ്ടാനിഷ്ടങ്ങളാണ് ഖുർആനികമായ വിധിവിലക്കുകൾ, വിശിഷ്യാ ആരാധനകൾ. അതിനാൽ അല്ലാഹുവിനെ സ്നേഹിച്ചും അവനോടുള്ള കൃതജ്ഞതയാൽ അവനെ സന്തോഷിപ്പിച്ചുമാവണം ആരാധനകൾ നിർവഹിക്കാൻ. അവയുടെ ചൈതന്യവുമതാണ്. നോമ്പ് നോൽക്കണം ഇല്ലെങ്കിൽ ശിക്ഷ ലഭിക്കും എന്ന കോടതി ഭാഷക്കും കണക്കുകൂട്ടലിനും വൈകാരികമായ തീവ്രതയോ ഊഷ്മളതയോ ഉണ്ടായിരിക്കില്ല. അതിനാൽ തന്നെ അത്തരം ആരാധനകൾ ചത്ത ചടങ്ങുകളായി ഒടുങ്ങും. നാമൊരാളെ സന്തോഷിപ്പിക്കുന്നതിന് അയാൾക്കിഷ്ടമുള്ളത് സമ്മാനിക്കുന്നു എന്ന മനസ്സോടെ ആരാധനകളെ സമീപിക്കുക. ഖുർആൻ വായിക്കണം, പഠിക്കണം, അതിനെ അനുധാവനം ചെയ്യണം എന്നതൊക്കെ അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്നതിനുള്ള മാർഗമായി അവൻ തന്നെ അറിയിച്ചുതന്നതാണെന്നും കൂടി അറിയുമ്പോൾ അവനെ സ്നേഹിക്കുന്നവർക്ക് ഖുർആൻ പഠിക്കാതിരിക്കാൻ കഴിയില്ല. ■